# ഇടശ്ശേരി

പവനൻ

1

# ഇടശ്ശേരി

പവനൻ

ഇടശ്ശേരിയെ കണ്ടാൽ പ്രായം നിശ്ചയിക്കുക സുഖകരമായിരുന്നില്ല. അദ്ദേഹത്തിന്റെ മുഖമാകെ എപ്പോഴും പുഞ്ചിരി പരക്കുന്നതുകൊണ്ടും കണ്ണിൽ കുസൃതി കാണാമായിരുന്നുകൊണ്ടുമാണ് ഇത്. കവിയശസ്സ് അദ്ദേഹത്തിനു ജീവിതകാലത്തുതന്നെ വേണ്ടത്ര ലഭിച്ചു. പക്ഷേ, അത് അദ്ദേഹത്തിനു താങ്ങാനാവാത്ത ഒരു ഭാരമായിരുന്നില്ല. കീർത്തിയെ ഇത്രയും ലാഘവത്തോടെ കൂടെക്കൊണ്ടുനടന്ന ഒരു കവി ഇല്ലായിരുന്നു എന്നു തന്നെ പറയാം.

20-ാം നൂററാണ്ടിന് ഇരുപത്തിയഞ്ചു കഴിഞ്ഞശേഷം പൊന്നാനിയിലുണ്ടായ പൊൻനാണ്യങ്ങൾക്കു കണക്കില്ല. ആരും മണിപ്പ നോക്കിയില്ലെങ്കിലും അവ മണിയുമായിരുന്നു. അക്കൂട്ടത്തിൽ കുറെ അധികം മണിഞ്ഞ ഒരു പൊൻനാണ്യമായിരുന്നു ഇടശ്ശേരി. നിറകുടം തുളുമ്പില്ല, എന്നു പറയാറുള്ളതുപോലെ അദ്ദേഹം നാട്യമില്ലാതെയാണ് വളർന്നത്. തനിക്കു ചുററുമുള്ള ലോകം കാണാൻ അദ്ദേഹത്തിനു കഴിഞ്ഞു. സാമാന്യം സൂക്ഷ്മമായിത്തന്നെ അദ്ദേഹം അതു കണ്ടു. ലോകത്തിലുണ്ടാകുന്ന മാററങ്ങൾ തന്റെ നാട്ടിലുണ്ടാക്കുന്ന ചലനങ്ങളെ അദ്ദേഹം മനസ്സിലാക്കി. ഗാന്ധിസത്തിന്റെ വെളിച്ചത്തിലാണ് അദ്ദേഹം അവയെക്കണ്ടത്. അല്പം വൈകിയാണെങ്കിലും മാനവികതയുടെ മനുഷ്യസ്നേഹത്തിന്റെ പരിവേഷംകൂടി അദ്ദേഹത്തിന്റെ കാഴ്ചപ്പാടിനു ലഭിച്ചു. കൂട്ടുകൃഷിയായിരുന്നു വഴിത്തിരിവിന്റെ കൊടിയടയാളം. പണ്ടേ വേരുറച്ചുപോയ ആസ്തിക്യവും ഗാന്ധിസവും അനുവദിക്കുന്നിടത്തോളം അദ്ദേഹം ആ തിരിവിലൂടെ നടന്നു.

## പുതിയ രൂപഭാവങ്ങളുടെ കർത്താവ്

ഇടശ്ശേരി എന്ന കവി പുതിയ രൂപഭാവങ്ങളുടെ കർത്താവാണ്. അദ്ദേഹത്തെ വള്ളത്തോൾ സ്കൂൾകാരനായി അവതരിപ്പിക്കുന്നവരുണ്ട്. അത് ശരിയാണെന്നു തോന്നുന്നില്ല. വള്ളത്തോളിന്റെ സാഹിത്യപ്രസാരം ഏൽക്കാത്ത സാഹിത്യകാരന്മാരോ ആസ്വാദകരോ ഒരു കാലത്തുണ്ടായിരുന്നില്ല എന്നതു ശരിയാണ്. അത്രത്തോളമെ ഇടശ്ശേരിയിലും ആ സ്വാധീനം ഉണ്ടായിരുന്നുള്ളു. വള്ളത്തോളിന്റെ ശൈലി പ്രസാദമധുരമാണ്. ആ അർത്ഥത്തിൽ ഇടശ്ശേരിയുടേതും അങ്ങനെതന്നെ. എന്നാൽ, വള്ളത്തോൾ എന്ന വിദഗ്ദ്ധശില്പി പലപ്പോഴും സ്വന്തം കരവിരുതിൽ സ്വയം നഷ്ടപ്പെട്ട ഒരാളായിരുന്നു. വാക്കുകൾ തെരഞ്ഞെടുക്കുന്നതിലും സ്വാഭാവികമായി തോന്നാമെങ്കിലും അലങ്കാരങ്ങളെ ശില്പത്തിൽ അലിയിപ്പിക്കുന്നതിലും വള്ളത്തോൾ കാട്ടിയ ശ്രദ്ധ ഒന്നു വേറെതന്നെയായിരുന്നു. എല്ലാററിനും പുറമെ, വള്ളത്തോൾ ഒരു റൊാന്റിസിസ്റ്റ് കൂടിയായിരുന്നു.

ഇടശ്ശേരി ആ വഴിക്ക് അത്രയൊന്നും ചലിച്ചില്ല. അദ്ദേഹത്തിന്റെ ലക്ഷ്യവും മാർഗവും ഭിന്നമായിരുന്നു. അദ്ദേഹത്തിന്റേത് എല്ലാ അർത്ഥത്തിലും ഒരു റിയലിസ്റ്റിക് ശൈലിയായിരുന്നു. കവിതയിലെ റിയലിസം എന്നു പറയുമ്പോൾ അതു ഉള്ളടക്കത്തെമാത്രം ബാധിക്കുന്ന കാര്യമല്ല. ചൈനയുടെ രീതിയിലും അതു പ്രതിഫലിക്കും. പറയാനുള്ളതു നേരെ ചൊവ്വേ പറയുക. മഞ്ജിതശിഞ്ജിതങ്ങൾക്കുവേണ്ടി മിനക്കെടാതിരിക്കുക, എഴുതുന്നതിനു ലക്ഷ്യമുണ്ടായിരിക്കുക, ആനുകാലിക ജീവിതവുമായി ബന്ധപ്പെട്ട കാവ്യവിഷയം കൈകാര്യം ചെയ്യുക, കവിത ഉൽബോധനപരമായ ഉൽഗാനമായിരിക്കുക, സാമൂഹ്യപരിഷ്കരണപരമായ ആവേശം കാണിക്കുക - ഇങ്ങനെ പലതും റിയലിസ്റ്റിക് കവിതയിൽ സ്വാഭാവികമായി വരുന്നു.

## യുഗധർമമെന്തെന്നറിഞ്ഞ കവി

ഇടശ്ശേരി ശക്തിയുടെ കവിയാണെന്നു ശ്രീ. എൻ.വി. കൃഷ്ണവാരിയരും ബാലാമണിഅമ്മയും മററും പറഞ്ഞതായി കാണുന്നു. ഞാനതുമായി വിയോജിക്കുന്നു.

“കുഴിവെട്ടി മൂടുക വേദനകൾ
കുതികൊൾക ശക്തിയിലേയ്ക്കു നമ്മൾ,
പ്രതിരോധമൊക്കെയും തട്ടിനീക്കി-
ക്കുതികൊൾക ശക്തിയിലേയ്ക്കു നമ്മൾ”എന്ന് അദ്ദേഹം എഴുതിയിട്ടുണ്ട്. പക്ഷേ, അതെഴുതിയത് അല്ലെങ്കിൽ അതുപോലുള്ള കവിതകൾ അദ്ദേഹം എഴുതിയത് ഒരു ശക്ത്യോപാസകനായതുകൊണ്ടാണെന്നു ഞാൻ കരുതുന്നില്ല. അ

ടിസ്ഥാനപരമായി അദ്ദേഹം ഒരു ശുഭാപ്തി വിശ്വാസിയാണ്. പരാജയഭീതി തീരെ തീണ്ടിയിട്ടില്ലാത്ത ഒരു കവി. ജീവിതപ്രയാസങ്ങളെത്രതന്നെയായാലും ജീവിതം ജീവിക്കാനുള്ളതാണെന്ന ബോധം അദ്ദേഹത്തിനുണ്ടായിരുന്നു. വിധായകമായ ഈ സമീപനമാണ് അദ്ദേഹത്തെ ശക്തനാക്കുന്നത്. യഥാർത്ഥത്തിൽ യുഗധർമമെന്തെന്നറിഞ്ഞൊരു കവിയുടെ ശബ്ദമാണ് നാം അദ്ദേഹത്തിന്റെ പല കവിതകളിലും ശ്രവിക്കുന്നത്. യുഗധർമബോധം! ശക്ത്യുപാസനയിലൂടെ ഉണ്ടാകുമോ? എങ്കിൽ സമരകൗതുകമല്ലേ അദ്ദേഹത്തിൽ കൂടുതൽ കാണേണ്ടത്?

## വർഗസമരവും ഇടശ്ശേരിയും

അദ്ദേഹത്തെ വർഗസമരത്തിന്റെ കവിയാക്കാമോ? അങ്ങനെ ആക്കാനും ചിലർ ശ്രമിച്ചതായി കാണുന്നു.

“അധികാരം കൊയ്യണമാദ്യം നാം
അതിനുമേലാകട്ടെ പൊന്നാര്യൻ”

എന്നു പാടുന്ന ഇടശ്ശേരി ‘തൊഴിലാളിവർഗ തത്ത്വശാസ്ത്രത്തിന്റെ കാതലിൽ’ കൈവെക്കുന്നതായി ‘ദേശാഭിമാനി’ മുഖപ്രസംഗത്തിൽ (ഒക്ടോബർ 17) പറഞ്ഞത് ഇതിനൊരുദാഹരണമാണ്. ‘ദേശാഭിമാനി’ മാത്രമല്ല മററു ചില പുരോഗമനവാദികളും ഇടശ്ശേരിയുടെ വിപ്ലവപരതയെ ഉയർത്തിക്കിട്ടാൻ ഉദ്ധരിക്കാറുള്ള ഈരടികളാണ് ഇവ. യഥാർത്ഥത്തിൽ ഈ ഈരടികൾ വർഗസമരത്തിനെതിരാണെന്ന വസ്തുത ഇവർ മനസ്സിലാക്കുന്നതേയില്ല. അധികാരത്തിൽ വരണമെങ്കിൽ വർഗസമരം ആവശ്യമാണ്. പൊന്നാര്യൻ കൊയ്യുന്നതു വർഗസമരത്തിന്റെ ഭാഗമായിട്ടാണ്. അതിപ്പോൾ ചെയ്യേണ്ട, അധികാരത്തിൽ വന്നതിനുശേഷം മതി എന്നു പറയുന്നത് വർഗസമരത്തിനെതിരല്ലെങ്കിൽ മററെന്താണ്? അധികാരത്തിൽ വന്നതിനുശേഷം പൊന്നാര്യൻ കൊയ്യാൻ വർഗസമരം വേണമോ?

അതിന്റെ അർത്ഥം ഇടശ്ശേരി പിന്തിരിപ്പനായിരുന്നു എന്നല്ല അദ്ദേഹത്തിന്റെ കാഴ്ചപ്പാട് അക്രമത്തിനും ബലപ്രയോഗത്തിനുമെതിരായിരുന്നു. ബഹുജനസമരങ്ങളെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ധാരണ അവ്യക്തമായിരുന്നു. അഥവാ ഗാന്ധിസത്തിന്റെ കാഴ്ചപ്പാടിലൊതുങ്ങിനിൽക്കുന്നതായിരുന്നു.

“ഉദ്ഗതഗദ്ഗത വാങ്മയമായിടു-
മുൽപല മലരുകൾ തൂകി
ത്വത്പദ സീമയിൽ വീണുനമിപ്പേൻ
തൃപ്പങ്ങോട്ടപ്പാ.” (ഗുരുസ്മരണ)

എന്ന് 1967-ൽ പ്പോലും എഴുതിയ ഒരു കവിയെ ‘വിജൃംഭിത വീര്യവാനായി വിപ്ലവത്തിനായി ഗർജിക്കുന്ന’ കവിയായി വിവരിക്കുന്നതു (ദേശാഭിമാനി) വിഭാഗീയ വീക്ഷണംകൊണ്ടാണ്.

## വിപ്ലവകാരിയല്ല, ധർമോപാസകൻ

തൊഴിലാളിവർഗ പ്രസ്ഥാനത്തിനു കവികളെ റിക്രൂട്ടു ചെയ്യേണ്ട മാർഗം അതല്ല. അദ്ദേഹത്തിന് ചില തൊഴിലാളിവർഗ പ്രസ്ഥാനങ്ങളുമായി ചില വേദിബന്ധങ്ങൾ ചിലപ്പോൾ ഉണ്ടായിട്ടുണ്ടാകം. പക്ഷേ, ആകെ മൊത്തം പറഞ്ഞാൽ, അദ്ദേഹത്തിന്റെ കവിതകളിൽ കാണുന്നത്, ഒരു വിപ്ലവകാരിയേയല്ല; ധർമോപാസകനെയാണ്. സാമൂഹ്യനീതികൾക്കെതിരായി തന്റെ സരസവും ശക്തവുമായ ഭാഷയിൽ അദ്ദേഹം ശബ്ദിച്ചിട്ടുണ്ട്. പക്ഷേ, അത് സാമ്പത്തികമായ ഉച്ചനീചത്വത്തെ അടിസ്ഥാനപ്പെടുത്തിയുള്ള സാമൂഹ്യനീതിയെ മനസ്സിലാക്കിക്കൊണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ പ്രശ്നം പ്രധാനമായും നാട്ടിനകപ്പെട്ട ധർമച്യുതിയായിരുന്നു. പുതിയ തലമുറ തെററും ശരിയും മനസ്സിലാക്കിക്കൊണ്ടു മുന്നോട്ടു പോകണമെന്ന് അദ്ദേഹം ആഗ്രഹിച്ചു.

“എന്തുനേടി? അറിയില്ലെ-
ന്നിളം തലമുറ, പക്ഷേ,
എന്തു നഷ്ടപ്പെടാനുണ്ടെ-
ന്നറിഞ്ഞേ പററൂ!” (ഒരുപിടി നെല്ലിക്ക)

അദ്ദേഹം ആവർത്തിച്ചാവർത്തിച്ചുൽബോധിപ്പിക്കുന്നു. ഇതിന്റെ അർത്ഥം അദ്ദേഹം ആർഷസംസ്കാരത്തേയും ഭാരതീയ പാരമ്പര്യത്തേയം ചോദ്യം ചെയ്യാതെ അംഗീകരിച്ചിരുന്നു എന്നല്ല, അങ്ങനെയാണെങ്കിൽ നരിയെക്കൊല്ലാൻ ബുദ്ധനെ ഉപയോഗിക്കുന്ന യുക്തിചിന്ത അദ്ദേഹത്തിനുണ്ടാവുമായിരുന്നില്ലല്ലോ.

ഇടശ്ശേരി എന്ന വ്യക്തി എപ്പോഴും അദ്ദേഹത്തിന്റെ സുഹൃത്തുക്കൾക്ക് മധുരസ്മരണകളുടെ പ്രഭവസ്ഥാനമാണ്. താരതമ്യേന പാവപ്പെട്ടവനായി ജനിക്കു

കയും പാവപ്പെട്ടവനായി വളരുകയും പാവപ്പെട്ടവനായിത്തന്നെ മരിക്കുകയും ചെയ്ത ഈ മനുഷ്യൻ എല്ലാകാലത്തും ക്ഷീണിക്കാത്ത ഒരു മനീഷയുടെ ഉടമയായിരുന്നു. കുറെക്കാലം ഒളിച്ചിരിക്കുകയും പിന്നീട് വെട്ടിത്തിളങ്ങുകയും ചെയ്ത പ്രതിഭയുടെ പൊലിമ അദ്ദേഹത്തിന്റെ കവിതകളിൽ മാത്രമല്ല, നർമഭാഷണങ്ങളിലും ഓളം വെട്ടുമായിരുന്നു. നിർമൽസരത്വവും നർമബോധവും കൂടിക്കലർന്ന ഈ അകൻമഷന്റെ മരണം അദ്ദേഹത്തിന്റെ സുഹൃത്തുക്കൾക്ക് മറക്കാനാവാത്ത വേദനയുളവാക്കുന്നു, മലയാള സാഹിത്യത്തിനാകട്ടെ ഒരു തീരാനഷ്ടവും. അദ്ദേഹത്തോടൊപ്പം കഴിച്ചുകൂട്ടിയ അനേക ദിനങ്ങൾ എന്റെ ഹൃദയത്തിൽ നിലാവിന്റെ പരിവേഷംപൂണ്ട ഓർമകളുടെ ഓളത്തല്ലുണ്ടാക്കുന്നു. ഒരു കുട്ടിയുടെ നിർദ്ദോഷഭാവവും ഒരു വിദ്യാർത്ഥിയുടെ ജ്ഞാനതൃഷ്ണയും ഒരു തത്ത്വജ്ഞാനിയുടെ വീക്ഷണപക്വതയും ഒരേ അവസരത്തിൽ അദ്ദേഹത്തിൽ ഒത്തുചേർന്നു. എല്ലാററിനുമുപരി, അദ്ദേഹം യാഥാസ്ഥിതികമായ അർത്ഥത്തിലല്ലെങ്കിലും ഒരു ദാർശനികനായിരുന്നു. അദ്ദേഹത്തിന്റെ സാഹിത്യസൃഷ്ടികളെ ചൈതന്യ ധന്യമാക്കിയതും ഈ ദാർശിനികത്വം തന്നെയല്ലെ?

(നവയുഗം)